വിശകലനം

വി.എം ഹസനുൽബന്ന

# വന്ദേമാതരം വിവാദത്തിന് പിന്നിലെ നാടകങ്ങൾ

**വന്ദേമാതരം ആലപിക്കാത്തവരെ വിമർശിക്കാൻ അവകാശമില്ലെന്നാണ് ദേശീയതയുടെ മൊത്ത കുത്തകയേറ്റെടുത്ത ബി.ജെ.പി അഖിലേന്ത്യാ നേതൃത്വവും പറയുന്നത്. ആകെക്കൂടി പറയാനുള്ളത് വന്ദേമാതരം ആലപിക്കുന്നതിനെ മതപരമായി വിലക്കിയത് ശരിയായില്ല എന്ന് മാത്രം. വന്ദേമാതരം ആലപിക്കാതിരിക്കൽ ദേശവിരുദ്ധമല്ല; ആലപിക്കാൻ നിർബന്ധിക്കുന്നത് ദേശസ്നേഹവുമല്ല. പിന്നെങ്ങനെ ആലാപനം മതവിരുദ്ധമാണെന്ന് പറയൽ രാജ്യദ്രോഹമാകും?**

**വന്ദേമാതരത്തോടുള്ള** മുസ്‌ലിം പൊതുബോധത്തെക്കുറിച്ച് 'മതേതര' വാർത്താമാധ്യമങ്ങളോ സംഘ്പരിവാരമോ അജ്ഞരല്ല. ഇത്തരം വിവാദങ്ങൾ പൊടിതട്ടിയെടുക്കുന്നതിനും പഴകിപ്പുളിച്ച വാദങ്ങൾ തികട്ടിവരുന്നതിനും പിന്നിലുള്ള 'മതേതര' പൊതുബോധം 'ലൗ ജിഹാദി'ന്റെ കാലത്തെ മുസ്‌ലിം സമുദായത്തിനും അജ്ഞാതമല്ല. വന്ദേമാതരത്തിന്റെ ചരിത്രത്തോളം പഴക്കമുണ്ട് ആ ഗീതത്തിന്റെ ആലാപന വിവാദത്തിനും. സ്വാതന്ത്ര്യസമരകാലം തൊട്ടേ കോൺഗ്രസിൽ വിവാദമുയർത്തിയ വിഷയമാണിത്.

ദയൂബന്ദിൽ ജംഇയ്യത്തുൽ ഉലമായെ ഹിന്ദിന്റെ സമ്മേളനത്തിന്റെ പ്രഥമ ദിനമായ നവംബർ മൂന്നിന് വന്ദേമാതരം ആലപിക്കരുതെന്ന് മുസ്‌ലിംകളോട് ആവശ്യപ്പെടുന്ന ഒരു പ്രമേയം പാസാക്കിയതിനെ തുടർന്നുണ്ടായതാണ് ഏറ്റവും ഒടുവിലത്തെ പുകില്.10,000 പേർ പങ്കെടുത്ത ജംഇയ്യത്തുൽ ഉലമായേ ഹിന്ദ് സമ്മേളനം പാസാക്കിയ 25 പ്രമേയങ്ങളിൽ ഒന്നു മാത്രമായിരുന്നു ഇത്. മറ്റു 24 പ്രമേയ

ങ്ങളെപ്പോലെ ഒരു 'സാധു' പ്രമേയം. എന്നാൽ മാധ്യമങ്ങൾ അതിനെ കേവലം ഒരു സമ്മേളന പ്രമേയം എന്ന തലത്തിൽ നിന്ന് ഇന്ത്യൻ ദേശീയതക്കെതിരായ ഇസ്‌ലാമിക പണ്ഡിത ഫത്‌വയായി ചിത്രീകരിച്ചു.

കൊണ്ടുപിടിച്ച് ചർച്ച നടത്തിയവരുടെ വാദമുഖങ്ങൾ കൗതുകകരമായിരുന്നു. ദേശീയ ഗാനമെന്ന നിലയിൽ എല്ലാ ഇന്ത്യൻ പൗരന്മാരും ആലപിക്കേണ്ടതാണ് വന്ദേമാതരം എന്ന അഭിപ്രായം ഇവർക്കാർക്കുമില്ല. സ്വന്തം വിശ്വാസമനുസരിച്ച് വന്ദേമാതരം ആലപിക്കാത്തവരെ അതിന് നിർബന്ധിക്കണമെന്ന വാദഗതിയും ഇവർക്കില്ല. വന്ദേമാതരം ആലപിക്കാത്തവരെ വിമർശിക്കാൻ അവകാശമില്ലെന്നാണ് ദേശീയതയുടെ മൊത്ത കുത്തകയേറ്റെടുത്ത ബി.ജെ.പി അഖിലേന്ത്യാ നേതൃത്വവും പറയുന്നത്. ആകെക്കൂടി പറയാനുള്ളത് വന്ദേമാതരം ആലപിക്കുന്നതിനെ മതപരമായി വിലക്കിയത് ശരിയായില്ല എന്ന് മാത്രം. വന്ദേമാതരം ആലപിക്കാതിരിക്കൽ ദേശവിരുദ്ധമല്ല; ആലപിക്കാൻ നിർബന്ധിക്കുന്നത് ദേശസ്നേഹവുമല്ല. പിന്നെങ്ങനെ ആലാപനം മതവിരുദ്ധമാണെന്ന് പറയൽ രാജ്യദ്രോഹമാകും?

വന്ദേമാതരം മുസ്‌ലിംകളുടെ മാത്രം വിശ്വാസത്തിന്റെ പ്രശ്നവുമായിരുന്നില്ല. മതവിശ്വാസത്തിനെതിരാണെന്ന കാരണം പറഞ്ഞ് നേരത്തെ ക്രിസ്ത്യൻ സ്ഥാപനങ്ങളും വന്ദേമാതരം വിലക്കിയിട്ടുണ്ട്. വന്ദേമാതരം ശതാബ്ദിവേളയിൽ പാട്യാലയിലെ ഔർ ലേഡി ഫാത്തിമ കോൺവെന്റ് സ്കൂളിൽ ആലപിക്കാതിരുന്നത് ചർച്ചയായതാണ്. വന്ദേമാതരം ദേശീയഗാനമല്ലെന്നും ക്രിസ്തുമത സംഹിതക്കെതിരായതിനാൽ ക്രിസ്ത്യാനികൾക്ക് ഇത് ആലപിക്കാനാവില്ലെന്നുമുള്ള ന്യായം പറഞ്ഞ് ഝാർഖണ്ഡിൽ നിന്നുള്ള ഫാദർ സൈപ്രിയൻ വന്ദേമാതരത്തിനെതിരെ ശക്തമായി രംഗത്തുവന്നതും വാർത്തകളിൽ ഇടംപിടിച്ചതാണ്.

സിഖ് സമുദായത്തിന്റെ ഉന്നത ആത്മീയ വേദിയായ ശിരോമണി ഗുരുദ്വാരാ പ്രബന്ധക് കമ്മിറ്റി സ്കൂളുകളിലും സ്ഥാപനങ്ങളിലും വന്ദേമാതരം ആലപിക്കരുതെന്ന് 2000 സെപ്റ്റംബർ 7ന് പ്രത്യേക നിർദേശം തന്നെ നൽകി. ദൽഹി സിഖ് ഗുരുദ്വാരാ മാനേജ്മെന്റ് കമ്മിറ്റി അതിന് കീഴിലെ സ്ഥാപനങ്ങളോട് വന്ദേമാതരം ആലപിക്കാൻ സർക്കുലർ ഇറക്കിയ ഘട്ടത്തിലായിരുന്നു ഇത്. ഒരു മതവിശ്വാസത്തെ മാത്രം ദ്യോതിപ്പിക്കുന്ന വന്ദേമാതരം ആലപിക്കാൻ നിർബന്ധിക്കുന്നത് സിഖ്-ക്രിസ്ത്യൻ-മുസ്‌ലിം സമുദായങ്ങളുടെ വികാരങ്ങളെ വ്രണപ്പെടുത്തുമെന്ന കാരണം പറഞ്ഞാണ് ശിരോമണി ഗുരുദ്വാരാ പ്രബന്ധക് കമ്മിറ്റി ഈ നിർദേശം നൽകിയത്. അറിയപ്പെടുന്ന സിഖ് സ്വാതന്ത്ര്യസമര സേനാനികളായ ബാബാ ഖരക് സിംഗും മാസ്റ്റർ താരാ സിംഗും വന്ദേമാതരത്തെ തള്ളിക്കളഞ്ഞതാണെന്നും എസ്.ജി.പി.സി വ്യക്തമാക്കി. സാർവലൗകിക ക്ഷേമത്തിൽ വിശ്വസിക്കുന്ന സിഖ് മതം ദേവി-ദേവതകളിൽ വിശ്വസിക്കുന്നില്ലെന്നായിരുന്നു എസ്.ജി.പി.സി തലവൻ അവ്താർ സിംഗ് മക്കാർ അന്ന് നൽകിയ വിശദീകരണം. വന്ദേമാതരത്തിന്റെ വ്യാകരണം നോക്കി മുടിനാരിഴ കീറി മഷിയും കടലാസും കളഞ്ഞ് ഇനിയും മുസ്‌ലിം സമുദായം മാത്രം പ്രതിരോധത്തിൽ കാലം കഴിക്കുന്നതിലർഥമില്ലെന്ന് ചുരുക്കം.

### ജംഇയ്യത്തും കോൺഗ്രസ്സും

ഉത്തർപ്രദേശിൽ ന്യൂനപക്ഷങ്ങളോട് അടുക്കാൻ കോൺഗ്രസ് കൊണ്ടുപിടിച്ച ശ്രമം നടത്തുമ്പോഴാണ് കോൺഗ്രസിന്റെ ഉപഗൃഹ മത സംഘടനയായ ജംഇയ്യത്ത് വിവാദമുണ്ടാക്കിയത്. ഉപതെരഞ്ഞെടുപ്പിന് നാല് നാൾ മുമ്പെയായിരുന്നു ഇത്. പു

**തുടർച്ചയായ തെരഞ്ഞെടുപ്പ് പരാജയങ്ങളും ആഭ്യന്തര കലഹവും മൂലം ഊർധശ്വാസം വലിക്കുന്ന ബി.ജെ.പി ദയൂബന്ദിൽ നിന്നുള്ള 'വന്ദേമാതരം ഫത്വ' പിടിവള്ളിയാക്കി. ഫത്വക്കെതിരെ ഉത്തർ പ്രദേശിലും ദൽഹിയിലും പ്രത്യേക വാർത്താസമ്മേളനങ്ങൾ വിളിച്ചു ചേർത്ത ബി.ജെ.പി ജംഇയ്യത്തുൽ ഉലമായെ ഹിന്ദിന്റെ ദയൂബന്ദ് പരിപാടിയിൽ പങ്കെടുത്ത കേന്ദ്ര ആഭ്യന്തര മന്ത്രി ചിദംബരം വിഘടന വാദികൾക്ക് ഒപ്പം ചേർന്നിരിക്കുകയാണെന്ന് കുറ്റപ്പെടുത്തി.**

---

കമറക്കുള്ളിലെ മുസ്‌ലിം തീവ്രവാദത്തിനെതിരെ നിരന്തരം മുന്നറിയിപ്പ് നൽകുന്ന കേന്ദ്ര ആഭ്യന്തര മന്ത്രി ചിദംബരത്തിന് ഇത്തരം ഒരു പ്രമേയം പാസാക്കിയ 'മതമൗലിക വാദികളുടെ' സമ്മേളനത്തിൽ പങ്കെടുക്കാൻ ഒരു പ്രയാസവും തോന്നിയിട്ടില്ല. ബി.ജെ.പി അതും വിവാദമാക്കിയപ്പോൾ ചിദംബരം കൊടുത്ത മറുപടി ജംഇയ്യത്തിനെയും പ്രയാസപ്പെടുത്താത്തതായിരുന്നു. താനുണ്ടായിരുന്നപ്പോഴല്ല 'ഫത്വ'യിറക്കിയതെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

വന്ദേമാതരത്തോട് ജംഇയ്യത്തിന്റെ നിലപാടെന്ത് എന്നത് ഒട്ടും പുതുമയുള്ള കാര്യമല്ല. വടി കൊടുത്ത് അടി വാങ്ങി ശീലമുള്ള ജംഇയ്യത്ത് ഇത്തരം പ്രമേയങ്ങൾ സൃഷ്ടിക്കുന്ന പുകിലിനെക്കുറിച്ച് ഉൽക്കണ്ഠപ്പെടാറുമില്ല. വന്ദേമാതരം ചൊല്ലാൻ നിർബന്ധിക്കരുതെന്ന സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ വന്ദേമാതരത്തിനെതിരെ നേരത്തെ തങ്ങളിറക്കിയ ഫത്വ ശരിയായിരുന്നുവെന്ന് സ്ഥാപിക്കാനുള്ള വ്യഗ്രത മാത്രമല്ല ഈയൊരു പ്രമേയത്തിന്റെ പിന്നിലുള്ളത്. അങ്ങനെയെങ്കിൽ വിവാദം മൂർധന്യത്തിലെത്തി നിൽക്കുമ്പോൾ ജംഇയ്യത്ത് പണ്ഡിതർക്ക് മിതഭാഷികളായി കരണം മറിയേണ്ടതില്ലായിരുന്നു.

ഏകദൈവ വിശ്വാസത്തിന് വിരുദ്ധമായ വരികളുള്ളതുകൊണ്ടാണ് വന്ദേമാതരം മതവിരുദ്ധമാകുന്നതെന്നാണ് ജംഇയ്യത്ത് പറയുന്നത്. അതേ ജംഇയ്യത്ത് അതേ സമ്മേളനത്തിൽ രാംദേവിനെ  മുഖ്യാതിഥിയാക്കി കൊണ്ടുവന്ന് സൂര്യനമസ്കാരവും പ്രാണായാമവുമടക്കമുള്ള യോഗമുറകൾ പ്രചരിപ്പിക്കാൻ അവസരം നൽകുകയും ചെയ്തു. തന്റെ പ്രസംഗം പൂർണമായും അദ്ദേഹത്തിന്റെ ആശയപ്രചാരണത്തിന് മാത്രമാണ് രാംദേവ് ഉപയോഗിച്ചത്. വന്ദേമാതരം ആലപിക്കുന്നതിൽ മതവിരുദ്ധമായ ഒന്നുമില്ലെന്നും ഓരോ ഭാരതീയനും അത് ആലപിക്കേണ്ടതാണ് എന്ന നിലപാടാണ് രംദേവ് സ്വീകരിച്ചത്. രാംദേവിന്റെ പ്രസംഗത്തെ ഖണ്ഡിക്കാൻ ജംഇയ്യത്ത് നേതാക്കൾ തയാറാകാതിരുന്നത് ദേശീയ മാധ്യമങ്ങൾ വാർത്തയാക്കുകയും ചെയ്തു.

### ഊർധശ്വാസത്തിനിടയിലെ പിടിവള്ളി

തുടർച്ചയായ തെരഞ്ഞെടുപ്പ് പരാജയങ്ങളും ആഭ്യന്തര കലഹവും മൂലം ഊർധശ്വാസം വലിക്കുന്ന ബി.ജെ.പി ദയൂബന്ദിൽ നിന്നുള്ള 'വന്ദേമാതരം ഫത്വ' പിടിവള്ളിയാക്കി. ഫത്വക്കെതിരെ ഉത്തർ പ്രദേശിലും ദൽഹിയിലും പ്രത്യേക വാർ

ത്താസമ്മേളനങ്ങൾ വിളിച്ചു ചേർത്ത ബി.ജെ.പി ജംഇയ്യത്തുൽ ഉലമായെ ഹിന്ദിന്റെ ദയൂബന്ദ് പരിപാടിയിൽ പങ്കെടുത്ത കേന്ദ്ര ആഭ്യന്തര മന്ത്രി ചിദംബരം വിഘടന വാദികൾക്ക് ഒപ്പം ചേർന്നിരിക്കുകയാണെന്ന് കുറ്റപ്പെടുത്തി.

ഇതിനെതിരെ ലഖ്നോവിൽ വാർത്താസമ്മേളനം വിളിച്ച ബി.ജെ.പി അഖിലേന്ത്യാ ജനറൽ സെക്രട്ടറി കൽരാജ് മിശ്ര ദയൂബന്ദിൽ പാസാക്കിയത് ദേശീയവിരുദ്ധമായ ഫത്‌വയാണെന്ന് വിശേഷിപ്പിച്ചു. രാജ്യത്തിനെതിരായ ഇത്തരം ഫത്‌വകളിൽ നിന്ന് ഇസ്‌ലാമിക സംഘടനകൾ വിട്ടുനിൽക്കണമെന്നാവശ്യപ്പെട്ട മിശ്ര ഇതിനോട് സഹിഷ്ണുത കാണിക്കുന്ന പ്രശ്നമില്ലെന്ന് ഓർമിപ്പിച്ചു. ഇതിനു ശേഷം ദൽഹിയിൽ മറ്റൊരു വാർത്താ സമ്മേളനവും ബി.ജെ.പി നടത്തി. കർണാടകയിലെ പ്രതിസന്ധി കുഴഞ്ഞുമറിയുന്നതിനിടയിലാണ് ദയൂബന്ദിലെ ഫത്‌വയുടെ കാര്യം പറയാൻ മാത്രം ദൽഹിയിൽ ബി.ജെ.പി അഖിലേന്ത്യാ വൈസ് പ്രസിഡന്റ് മുഖ്താർ അബ്ബാസ് നഖ്‌വി പ്രത്യേക വാർത്താസമ്മേളനം വിളിച്ചു ചേർത്തത്. ദേശീയ മാധ്യമങ്ങളിൽ വിഷയം 'ലൈവ്' ആക്കി നിർത്തണമെന്ന ഉദ്ദേശ്യത്തോടെയായിരുന്നു ഇത്. കേന്ദ്ര ആഭ്യന്തര മന്ത്രി പി. ചിദംബരം ദയൂബന്ദിലെ വിഘടനവാദികളുടെ പരിപാടിക്ക് പോയത് ശരിയായില്ലെന്നും അത് ബഹിഷ്ക്കരിക്കേണ്ടതായിരുന്നെന്നും നഖ്‌വി പറഞ്ഞു. ഒരു ഭാഗത്ത് നക്സലുകളോട് യുദ്ധം പ്രഖ്യാപിച്ച മന്ത്രിക്ക് എങ്ങനെയാണ് മറുഭാഗത്ത് വിഘടനവാദികളോട് കൈകോർക്കാൻ കഴിയുന്നതെന്നും ബി.ജെ.പി നേതാവ് ചോദിച്ചു.

## ജംഇയ്യത്തിന്റെ കരണംമറിച്ചിൽ

ബി.ജെ.പി മാത്രമല്ല കലക്കുവെള്ളത്തിൽ മീൻ പിടിക്കാൻ നോക്കിയത്. സുന്നികളുടെ 'വന്ദേമാതരം ഫത്‌വ' തങ്ങളുടെ രാജ്യസ്നേഹം തെളിയിക്കാൻ എങ്ങനെ ഉപയോഗിക്കാമെന്ന് ഉത്തരേന്ത്യയിലെ ശീഈനേതാക്കളും ചിന്തിച്ചു. ആർ.എസ്.എസ് ആസ്ഥാനത്ത് പോയാണ് പ്രമുഖ ശീഈ പണ്ഡിതർ വന്ദേമാതരത്തോടും രാജ്യത്തോടുമുള്ള കൂറ് അരക്കിട്ടുറപ്പിച്ചത്. വിവാദം പടർന്നപ്പോൾ ആർ.എസ്.എസ് തലവൻ കെ.എസ് സുദർശനെ വീട്ടിൽ ചെന്ന് കണ്ട ശീഈ പണ്ഡിതനും ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സനൽ ലോ ബോർഡ് അംഗവുമായ മൗലാന ഹമീദുൽ ഹസൻ രാജ്യത്തോടുള്ള അഭിവാദ്യപ്രകടനമല്ലാതെ വന്ദേമാതരത്തിന് പ്രാർഥനയുടെ അർഥമില്ലെന്നും അതിനാൽ ആലാപനത്തിൽ ഒരു തെറ്റുമില്ലെന്നും പ്രഖ്യാപിച്ചു. വന്ദേമാതരത്തിലെ ഓരോ വാക്കിന്റെയും അർഥം വിശദീകരിക്കണമെന്ന് പറഞ്ഞ അദ്ദേഹം, അങ്ങനെ വിശദീകരിച്ചാൽ പ്രാർഥനയുടെ അംശമുള്ളതായി കാണാനാവില്ലെന്നും അതോടെ വിവാദങ്ങളെല്ലാം കെട്ടടങ്ങുമെന്നും ഉറപ്പ് നൽകി. മറ്റൊരു ശീഈ പണ്ഡിതനും ആൾ ഇന്ത്യാ മുസ്‌ലിം പേഴ്സനൽ ലോ ബോർഡ് വൈസ് പ്രസിഡന്റുമായ മൗലാന കൽബെ സാദിഖ് മുസ്‌ലിംകൾ വന്ദേമാതരം ആലപിക്കുന്നതിൽ ഒരു തെറ്റുമില്ലെന്ന് വിശദീകരിച്ചതിന് ശേഷമായിരുന്നു ഇത്. ഇതര വിശ്വാസസംഹിതകളെക്കുറിച്ച് തെറ്റിദ്ധാരണയുണ്ടാകുമ്പോഴാണ് ഹിന്ദു-മുസ്‌ലിം ഭിന്നതയുണ്ടാകുന്നതെന്നും വിവാദത്തിന്റെ മഞ്ഞുരുക്കാൻ തങ്ങൾക്ക് സാധിച്ചുവെന്നും സുദർശനുമായുള്ള കൂടിക്കാഴ്ചക്ക് ശേഷം ശീഈനേതാവ് മാധ്യമങ്ങളോട് അവകാശപ്പെട്ടു.

സുദർശനെ കണ്ട ശീഈക്കളെ വെല്ലാൻ ജംഇയ്യത്ത് നേതാക്കൾ കരണം മറിയുന്നതാണ് പിന്നീട് കണ്ടത്. ദയൂബന്ദ് ദാറുൽ ഉലൂമിൽ നിന്നുള്ള പ്രതിനിധി സംഘം സുദർശന് പകരം അറിയപ്പെടുന്ന ആൾദൈവവും പ്രാണായാമത്തിന്റെ ആചാര്യനുമായ ശ്രീ ശ്രീ രവിശങ്കറെ കാണാനാണ് പോയത്. വന്ദേമാതരത്തിന്റെ വ്യാഖ്യാ

നം രവിശങ്കർ അവർക്ക് വിശദീകരിച്ചുകൊടുക്കുകയും ജംഇയ്യത്ത് നേതാക്കൾ നിലപാട് മാറ്റുകയും ചെയ്തു! വന്ദേമാതരം ഒരു പ്രാർഥനയല്ലെന്നും നന്ദിപ്രകടനമാണെന്നും വിവാദമായ ആദ്യവരികളെ ഒരു നിലക്കും എതിർക്കേണ്ടതില്ലെന്നും ഈ പ്രശ്നത്തിന് കൂടുതൽ പ്രാധാന്യം നൽകരുതെന്നും അങ്ങനെ ചെയ്താൽ ഹിന്ദുക്കൾക്കും മുസ്‌ലിംകൾക്കുമിടയിലുള്ള വിടവ് വർധിക്കുമെന്നും രവിശങ്കർ ജംഇയ്യത്ത് നേതാക്കളെ ഉപദേശിച്ചുവത്രെ. ദേശീയ ഗാനമായ വന്ദേമാതരത്തോട് തങ്ങൾക്ക് എതിർപ്പൊന്നുമില്ലെന്നും ഇത് ആലപിക്കണോ വേണ്ടയോ എന്നത് സംബന്ധിച്ച് മുസ്‌ലിംകൾ സമവായത്തിലെത്തിയാൽ മതിയെന്നും ജംഇയ്യത്ത് പ്രതിനിധികൾ രവിശങ്കറോട് ഹൃദയം തുറന്നു. നേരത്തെ പുറപ്പെടുവിച്ച ഫത്‌വ പിൻവലിക്കാൻ കഴിയില്ലെന്ന് നിസഹായവസ്ഥ പ്രകടിപ്പിച്ച മൗലാന ഖാലിഖ് മദ്‌റാസി വന്ദേമാതരം ആപിക്കുന്നത് നിർത്തിവെപ്പിക്കുകയില്ലെന്ന് രവിശങ്കറിന് ഉറപ്പും കൊടുത്തു. വന്ദേമാതരം ഇസ്‌ലാമികവിരുദ്ധമാണെന്ന് ഫത്‌വയിറക്കിയ ദയൂബന്ദ് ഫത്‌വാ വിഭാഗത്തിന്റെ ചുമതലയുള്ള മുഫ്തി മൗലാന മർഗബുറഹ്മാൻ, മുഫ്തി ഇഹ്‌സാൻ ഖാസിമി, ജംഇയ്യത്തുൽ ഉലമായെ ഹിന്ദ് നേതാവ് ഉസ്മാൻ മൻസൂർപുരി എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു ഈ ഉറപ്പ്. ജംഇയ്യത്ത് നേതാക്കളുടെ മനം മാറ്റിയ വിവരം രവിശങ്കർ തന്നെ വാർത്താകുറിപ്പിലൂടെ പുറംലോകത്തെ അറിയിക്കുകയും ചെയ്തു. തന്നോട് ചർച്ച നടത്തിയവരുടെ പേരുവിവരം വെളിപ്പെടുത്തിയതിനാൽ ജംഇയ്യത്ത് നേതാക്കൾക്ക് അത് നിഷേധിക്കാനുമായില്ല. ■